(ബി) പ്രസ്തുത സി.എച്ച്.സി.-യിൽ ഒഴിവുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കേശവപുരം സി.എച്ച്.സി.-യിൽ ഗൈനക്കോളജി വിഭാഗം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇവ പ്രവർത്തനസജ്ജമായിട്ടില്ല. യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ചികിത്സാ ചെലവ്

49 (3480) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് പ്രതിശീർഷ ചികിത്സാ ചെലവ് കൂടുതലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സാധാരണക്കാരുടെ ജീവിതത്തെ ദുരിതത്തിലാക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ദുഃസ്ഥിതി ഒഴിവാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട് ;

(സി) രോഗനിർണ്ണയ പരിശോധനകൾ, സ്കാനിംഗ് എന്നിവയ്ക്ക് അമിതമായ ചെലവ് വരുന്നത് രോഗികളെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സാധാരണക്കാരെ സഹായിക്കുന്നതിന് കൂടുതൽ കാരുണ്യ സെന്ററുകൾ ആരംഭിക്കുന്നതിനും സ്കാനിങ്ങും ലാബ് പരിശോധനകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചികിത്സാചെലവുകൾ കുറയ്ക്കുന്നതിനുവേണ്ടി പൊതുമേഖലയിലെ ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഒട്ടനവധി കാര്യങ്ങൾ ചെയ്തു വരുന്നു. പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുക, സ്ഥാപനങ്ങളുടെ പദവി ഉയർത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്ഥാപനങ്ങളിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക, ഡോക്ടർമാരുടെയും ജീവനക്കാരുടെയും അധിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുക തുടങ്ങിയ കാര്യങ്ങൾ ആരോഗ്യവകുപ്പ്, ആരോഗ്യമിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവവഴി നടന്നുവരുന്നുണ്ട്. കെ.എം.എസ്.സി.എൽ വഴി ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്കാവശ്യമായ മരുന്നുകൾ മുടക്കംകൂടാതെ ലഭ്യമാക്കുന്നുണ്ട്.

സ്വകാര്യ മേഖലയുമായി ബന്ധപ്പെട്ട ചികിത്സാചെലവുകൾ കുറയ്ക്കുന്നതിനായി ആരോഗ്യ ഇൻഷ്വറൻസ് പ്രോഗ്രാം, ആർ.എസ്.ബി.വൈ./ ചിസ്, ചിസ് പ്ലസ്, ലോട്ടറി വകുപ്പിന്റെകീഴിലുള്ള കാരുണ്യ ബനവലന്റ് പദ്ധതി, 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള താലോലം പദ്ധതി, ക്യാൻസർ സുരക്ഷ പദ്ധതി എന്നിവയും ദേശീയ ഗ്രാമീണ മിഷൻവഴി ജനനി ശിശു സുരക്ഷാകാര്യക്രം (ജെ.എസ്.എസ്.കെ), ആരോഗ്യകിരണം തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദി പൂവർ (എസ്.എം.എ.പി) ആരോഗ്യവകുപ്പുമന്ത്രിയുടെ ക്ഷേമ നിധിയിൽനിന്നുള്ള ചികിത്സാസഹായം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പുനരധിവാസ പദ്ധതിയിൽ നിന്നുള്ള ചികിത്സാസഹായം തുടങ്ങിയവയും ലഭ്യമാക്കിവരുന്നു.

(സി) സ്വകാര്യ മേഖലയിൽ രോഗ നിർണ്ണയം, സ്കാനിങ് എന്നിവയ്ക്ക് വലിയ തുക നൽകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് ആശുപത്രികളിൽ ലബോറട്ടറി സേവനം കൂടുതലായി ലഭ്യമാക്കാനും സ്കാനിങ് സൗകര്യങ്ങൾ വർദ്ധിപ്പി ക്കാനുമുള്ള സംവിധാനങ്ങൾ ചെയ്യുവരുന്നു. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കളിലെത്തുന്ന രോഗികൾക്ക് രോഗനിർണ്ണയ പരിശോധനകൾ, സ്കാനിങ് എന്നിവ വളരെ പരിമിതമായ ഫീസീടാക്കിയാണ് ചെയ്തുനൽകുന്നത്. കൂടാതെ അർഹരായ രോഗികൾക്ക് സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യമായും ഇത്തരം സേവനങ്ങൾ നൽകിവരുന്നു. ആയതിനാൽ സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് രോഗനിർണ്ണയ പരിശോധന,

സ്കാനിങ് എന്നിവയുടെ ഫീസുമായി ബന്ധപ്പെട്ട് പ്രതിസന്ധിയുണ്ടാകുന്നില്ല. ഗവൺമെന്റിന്റെ പരിഗണനയിലുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുമ്പോൾ സ്വകാര്യ ലബോറട്ടറികളിലെ പരിശോധനാ ഫീസിന് മാനദണ്ഡങ്ങൾ കൊണ്ടുവരാനാകുന്നതാണ്.

(ഡി) കൂടുതൽ കാരുണ്യ സെന്ററുകൾ ആരംഭിക്കുന്നതും സ്കാനിങ്ങും ലാബ് പരിശോധനകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ആക്കുന്നതും ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ കെ.എം.എസ്.സി.എൽ.-ന് കീഴിൽ 33 (പമ്പ, ശബരിമല സന്നിധാനം ഉൾപ്പെടെ) കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. തൈക്കാട്, പെരുമ്പാവൂർ, നോർത്ത് പരവൂർ, വർക്കല, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ഇവ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

അങ്കമാലി താലൂക്ക് ആശുപത്രി

50 (3481) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരക്കണക്കിന് രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായെത്തുന്ന അങ്കമാലി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ട് 4 വർഷം കഴിഞ്ഞിട്ടും ഡോക്ടർ, നേഴ്സ്, മറ്റ് ജീവനക്കാർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുവാനും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിച്ച നിരവധി നിവേദനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സൗകര്യങ്ങൾ എന്നത്തേക്ക് ഏർപ്പെടുത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 26-2-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 129/2011/ആ.ക.വ. എന്ന ഉത്തരവ് പ്രകാരം 2 ജൂനിയർ കൺസൾട്ടന്റ്, രണ്ട് അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി

LIBRARY ARCHIVES Kerala Legislative Assembly